**K.M HIGHER SECONDARY SCHOOL KARULAI**
Karulai Po .679330, Email:kmhighschool@gmail.com

# ചങ്ങാതിക്കൂട്ടം

## ഡിജിറ്റൽ മാഗസിൻ

## 2020



# *Editorial Board*



***RUSHBA SHERIN.M***
*Student Editor*



***ANSHIF .E***



**ANAMIKA .P**



***FIDHA SHERIN .VP***



***ABINSHA SHERIN .KK***

## താളുകളിൽ കൂടി


ആമുഖം....................................................4
സന്ദേശം....................................................5
സന്ദേശം....................................................6
എഡിറ്റോറിയൽ.........................................7
ഒരപൂർവ്വ സംഗമം.........................................8
നമ്മുടെ വിദ്യാലയത്തെക്കുറിച്ച്.................9
വാടക.....................................................10
പുസ്തകം.............................................11
Good friends v/s Best friends................12
Poem.....................................................13
..........................................................14
നമ്മുടെ സ്വന്തം നാട്.....................14
..........................................................15
ഇതാണ് വാർത്ത.....................................15
കവിത.....................................................16
പൂമ്പാറ്റകളുടെ ആകാശം..........................17
സ്നേഹ മഴത്തുള്ളികൾ...........................18
നീർത്തടങ്ങൾ.........................................19
കഥ.........................................................20
ലേഖനം..................................................21
ജയവും പരാജയവും...............................21
അനുഭവം..............................................22
Poem.....................................................23
കവിത.....................................................24
കഥ മുത്തശ്ശി...........................................25
മലിനീകരണം.........................................26
Poem.....................................................27
എന്റെ വിദ്യാലയം..................................28
രാക്ഷസാ... നിനക്കു നാശം.......................29
എന്റെ നാട്.............................................30
ലഹരി എന്ന വിപത്ത്.............................31
ലേഖനം വനം.........................................32
BEHIND MY SMILE….........................33
ലേഖനം ഖനനം......................................34
A NOTE FOR MY FRIENDS................35
അമ്മ.....................................................36
പുതുമഴ..................................................37
കവളപ്പാറ' നമുക്കുതരുന്ന പാഠം...............38
എന്റെ നാടും............................................40
ആഗോളതാപനം...................................41
വലയസൂര്യഗ്രഹണം...............................42
THE BUD OF DREAM........................44
പുഞ്ചകൃഷി , കാർഷിക സംസ്കാരം...........45
ഏകാന്തത..............................................47
ഇന്ത്യൻ ഭരണഘടന...............................48
വാർത്ത..................................................49
ലിറ്റിൽ കൈറ്റ്സ് സംസ്ഥാന തല ക്യാമ്പിൽ
കെ എം എച്ച് എസും................................50

# ആമുഖം

നമ്മുടെ വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക്കായി മാറിക്കൊണ്ടിരിക്കുന്നു.അറിവുകളുടെ വിനിമയം കേവലം പാഠപുസ്തകത്തിൽ ഒതുങ്ങാതെ സാങ്കേതികവിദ്യയിലൂടെ വിനിമയം നടത്തി അറിവ് സംമ്പാദിക്കുകയും ചെയ്യുന്ന ഒരു തലമുറയിലൂടെയാണ് നാം ഇന്ന് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സാങ്കേതികവൈദഗ്ധ്യമുള്ള ഒരു സംഘം നമ്മുടെ വിദ്യാലയങ്ങളിൽ രൂപപ്പെടേണ്ടതുണ്ട്. അതാണ് 'ലിറ്റിൽകൈറ്റ്സ്'എന്ന ചങ്ങാതിക്കൂട്ടം. 2018 ജനുവരി 22 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഈ പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടത്തപ്പെടുന്ന ആസൂത്രണങ്ങളിലും നടത്തിപ്പിലും ഹൈടെക് സംവിധാനം ഉപയോഗിക്കുന്നതിന് അദ്ധ്യാപകർക്കൊപ്പം വിദ്യാർത്ഥികളും പങ്കാളികളാവുകയാണ്. കൂടാതെ വിവരവിനിമയ സാങ്കേതിക രംഗത്ത് കൂടുതൽ നവീനമേഖലകൾ പരിചയപ്പെടാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുകയും ചെയ്യുന്നു.

ഈ 2019-20 അധ്യാനവർഷത്തെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ ഡിജിറ്റൽ മാഗസിൻ യാഥാർത്യമാവുകയാണ്. ഇതുവഴി സാഹിത്യപരമായും സാങ്കേതികപരമായും വിദ്യാർത്ഥികളിൽ ഒരു പുതിയ വഴിത്തിരിവായി മാറി.

## സന്ദേശം

നവയുഗത്തിൽ നൂതനവായനയുടെ മേച്ചിൽപുറങ്ങൾ തേടുന്ന കുരുന്നുകൾക്ക് വിവരസാങ്കേതികവിദ്യയുടെ ബാലപാഠങ്ങൾ ഉൾക്കൊണ്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 'ചങ്ങാതിക്കൂട്ടം'എന്ന ഡിജിറ്റൽമാഗസിൻ പ്രാവർത്തികമാക്കാൻ കാണിച്ച താൽപര്യം തികച്ചും ശ്ലാഘനീയം തന്നെ. ഇ-ലേണിംഗ് മേഖലയിലേക്ക് നിങ്ങളെ കൈപിടിച്ചു നടത്തിയ ഗുരുനാഥൻമാർക്ക് അഭിനന്ദനത്തിന്റെ ഒരായിരം പൂച്ചെണ്ടുകൾ. നിങ്ങളുടെ ഈ വലിയ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



**ലാജി.എൻ**
**പ്രിൻസിപ്പൽ**

# സന്ദേശം

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ വർഷത്തെ സംരംഭമായ ഡിജിറ്റൽ മാഗസിൻ 'ചങ്ങാതിക്കൂട്ടം' എന്ന പേരിൽ പുറത്തിറക്കുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. ഈ മാഗസിൻ എല്ലാ അർത്ഥത്തിലും ഏവർക്കും പ്രചോദനമാവട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാകൂട്ടുകാർക്കും അവർക്ക് നേതൃത്വം നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ നേരുന്നു.



സ്നേഹാശംസകളോടെ

**പി.എൻ പുഷ്പ**


ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ

**ലി**റ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ നിന്നും ഈ വർഷം '**ചങ്ങാതിക്കൂട്ടം**' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു. മാഗസിന്റെ അണിയറപ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ച ക്ലബ്ബംഗങ്ങൾക്കും സൃഷ്ടികൾ തന്ന് സഹകരിച്ച അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആദ്യമായി നന്ദി അറിയിക്കട്ടെ. തികഞ്ഞ ആത്മവിശ്വാസത്തോടെയും സന്തോഷത്തോടെയും തുടക്കം കുറിച്ച ഈ മഹത്തായ പ്രവർത്തനത്തിലൂടെ കുട്ടികളിലെ സാഹിത്യ കലാ രംഗത്തുള്ള കഴിവുകൾ പ്രകടിപ്പിക്കാനും അവ പരിപോഷിപ്പിക്കാനും സാധിച്ചതിൽ അതിയായ സംന്തോഷം തോന്നുന്നു. മാത്രമല്ല വർധിച്ചുവരുന്ന ഈ സാങ്കേതിക യുഗത്തിൽ ഇത്തരത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുക വഴി ഐ ടി രംഗത്ത് ഞങ്ങളൊരോരുത്തർക്കും തന്റേതായ പ്രവർത്തന മികവ് പുലർത്തുവാൻ സാധിച്ചു.

ഇതിലെ ഓരോ സൃഷ്ടികൾക്കും അനിയോജ്യമായ മുഖചിത്രങ്ങൾ അതുപോലെ തന്നെ പശ്ചാതല ചിത്രങ്ങളും ഇന്റർനെറ്റിന്റെ സഹായത്തോടു കൂടിയാണ് ക്രമീകരിച്ചിരിക്കുന്നത്. ക്യമറ ഉപയോഗിച്ച് ചിത്രങ്ങൾ എടുത്ത് അത് ജിംമ്പ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഗ്രഫിക്സ്ഡിസൈൻ ചെയ്ത് ലിബർഓഫീസ് റൈറ്റർ ഉപയോഗിച്ച് മലയാളം ഇഗ്ലീഷ് തുടങ്ങി മറ്റു ഇതര ഭാഷകളിലും ടൈപ്പ് ചെയ്ത് അനായാസം ഈ മാഗസിൻ പരിപൂർണ്ണതയിൽ എത്തിക്കുകവഴി നവ്യാനുഭൂതിയോടു കൂടിയുള്ള ഒരു മികച്ച പ്രവർത്തനമാണ് ഞങ്ങൾക്ക് ഈ മാഗസിൻ കൊണ്ട് സാധ്യമായത്.

തുടർന്നും ഇത്തരത്തിലുള്ള ഡിജിറ്റൽ മാഗസിനുകൾ വർഷാവർഷം നമ്മുടെ വിദ്യാലയത്തിന് ഒരു മുതൽ കൂട്ടായി മാറാനും അതുവഴി പ്രജോദനം ഉൾക്കൊള്ളാനും സാധ്യമാട്ടെ എന്ന് ഈ അവസരത്തിൽ പ്രത്യാശിക്കുന്നു.




**റുഷ്ബ ഷെറിൻ**

(സ്റ്റുഡന്റ് എഡിറ്റർ)

## ഒരപൂർവ്വ സംഗമം.........



കൊല്ലവർഷം 1968. മലപ്പുറം ജില്ലയുടെ പ്രഥമ ജില്ലാകലക്ടർ ആയിരുന്ന ടി പി ഭാസ്കരൻ നായർ(ഇടത്തേഅറ്റം)തന്റെ നിലമ്പൂർ സന്ദർശന വേളയിൽ  കരുളായ് കെ എം ഹൈസ്കൂൾ സന്ദർശിച്ചപ്പോൾ. കൂടെ കരുളായി പഞ്ചായത്ത് പ്രസിഡന്റും ഇന്ന ത്തെ സ്കൂൾ മാനേജറുമായ ടി കെ മുഹമ്മദ് എന്ന ബാപ്പുട്ടിക്ക യും (വലത്തേഅറ്റം) ഹെഡ്മാസ്റ്റർ ടി കെ അബ്ദുള്ളക്കുട്ടിമാസ്റ്ററും.

സാദത്തലി എൻ (HST)


## നമ്മുടെ വിദ്യാലയത്തെക്കുറിച്ച്......

1968 ൽ പ്രവർത്തനമാരംഭിച്ച നമ്മുടെ വിദ്യാലയം, കരുളായി ഗ്രാമത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമായി മാറിയിരിക്കുന്നു. ഇന്ന് 55 അദ്ധ്യാപകരും 7 അനദ്ധ്യാപകരും അടക്കം 35 ക്ലാസ്സുകളിലായി 1500-ൽപരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് .കൂടാതെ ഹയർ സെക്കന്ററിയും. സ്ഥാപനത്തിന്റെ വളർച്ചയുടെ ഓരോഘട്ടത്തിലും ഈ നാട് നൽകിയ പിന്തുണ നന്ദിയോടെ സ്മരിക്കുന്നു.അക്കാദമിക തലത്തിലും കലാകായിക രംഗത്തും തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്നു.സ്കൂൾ കലോത്സവം,ശാസ്ത്ര മേള,കായികമേള എന്നീ പാഠ്യേതര മേഖലകളിൽ സംസ്ഥാന-ജില്ലാതല മത്സരങ്ങളില ടക്കംമികവ് തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ്, സ്കൗട്ട് & ഗൈഡ്സ്, ജെ ആർ സി തുടങ്ങിയ യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിക്കന്നു. സയൻസ് ലാബ്,നവീകരിച്ച 2 കമ്പ്യൂട്ടർ ലാബുകൾ,ചിട്ടയായി പ്രവർത്തിക്കുന്ന സ്കൂൾലൈബ്രറി സംവിധാനം, ഹൈടക് ക്ലാസ്മുറികൾ,സ്മാർട്ട്ക്ലാസ്റൂം എന്നിവ നമ്മുടെ മുതൽകൂട്ടാണ്. തുടക്കം മുതൽഎസ്.എസ്.എൽ.സിക്ക് മികച്ച വിജയം കൈവരിക്കുന്ന നമ്മുടെകുട്ടികൾ ഈ നാടിന്റെ അഭിമാനമാണ്.വിദ്യാർത്ഥികൾക്ക് ഒരു കൈത്താങ്ങായി 'കനിവ് 'സഹായനിധി കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഒരു പ്രദേശത്തിന്റെയാകെ വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിൽ ചരിത്രപരമായ സ്വാധീനം ചെലുത്തിക്കൊണ്ട് നമ്മുടെ വിദ്യാലയം ദിനംപ്രതി മുന്നേറിക്കൊണ്ടിരിക്കുകയാണ്.....



കവിത

## വാടക




അമ്മ അവന്റെ കൈ മുറിയരു
തെന്നു കരുതി.
മരണത്തിന്റെ വക്കിൽ നിന്ന്
പിടിച്ചുമാറ്റിയ നേരം കൈവിരൽ
നഷ്ടമായവൾ
അവന്റെ ഇരുട്ടിനെ അകറ്റി
വെളിച്ചം നിറയ്ക്കാനൊരുങ്ങു
മ്പോൾ
ജീവിക്കാൻ മറന്ന് പോയവൾ
ഇരുളിന്റെ ജാലകത്തിലാരു
മറിയാതെ
ഒളിപ്പിച്ചു പൊടിപിടിച്ചുപോയ
മോഹങ്ങൾ...
വെളിച്ചത്തിൻ പൊൻതൂവലായ്
നിറം പകർന്നതവളായിരുന്നു.
ദുഃഖത്തിന്റെ നിഴൽ വീണ
മിഴികളായി
കനെലെരിയുന്ന ഹൃദയത്തട്ടു
കളുമായി
ഗദ്ഗദത്തിന്റെ തീകാറ്റിലവൾ
സാന്ത്വനത്തിന്റെ കുളിർ മഴയായ് ഒടുവിൽ...
വൃദ്ധസദനത്തിലേക്ക് തള്ളുമ്പോൾ
അവനവൾക്ക് സ്നേഹസമ്മാനമായി
നൽകി റബ്ബർ ബാന്റിട്ട് ഭദ്രമാക്കിയ നോട്ട് കെട്ട്,
ഇത് ഗർഭപാത്രത്തിന്റെ ' വാടകയോ '...?

ASMINA X

**കവിത**

## പുസ്തകം

അറിവിന്റെ ലോകത്ത് നിന്നെ മറികടക്കാനാരുമില്ല!.
നീ പകർന്നു നൽകുന്ന അറിവ്
തന്റെ എല്ലായിടത്തും വിജയം.!!!
നീയാണെന്നും രാജകുമാരൻ
നീയാണെന്നെ ഉയർത്തുന്നവൻ
നീയാണെന്റെ യഥാർത്ത ഗുരു!!!
വർണ്ണ കടലാസിൽ പൊതിഞ്ഞ
പുസ്തകത്താലറിവിൻ കൂമ്പാരമാണു നീ...
അറിവിന്റെ ലോകത്ത് നിന്നെ മറികടക്കാനാരുമില്ല!.




ഫിദ X



## Good friends v/s Best friends

*A good friend can know our*
*every secrets*
*but a best friend lives with us*
*When I fall down they help me*
*but after all their laughings*
*They all are with me when all time*
*they can realize all my feeling*
*l wish they always with me*
*always with me where I've gone*

Asna KP .8C



Poem


# ہمارا وطن

اے دنیا کے لوگوں اونچی آواز کرو گاؤں وطن کے گیت اس کا گلزار کرو
حفاظت کرو وطن کی حفاظت کرو

یاد رکھوں کے وہی اک جُدا ہے ہم کو یہ جیون اسی نے دیا ہے
اس میں چمن ہے ہم مل کر آئے غم سے سنا ہے ہم خون بہائے
آزاد ہے فکروں سے اونچی آواز کرو گاؤں وطن کی گیت اس کا گلزار کرو
حفاظت کرو وطن کی حفاظت کرو

نامِ وطن پر کتنا مبارک میرا وطن پر کتنا بھلا ہے
عظمت ہے اس کی صدیوں پرانی وفا کا اصل سے یہی سلسلہ ہے
اُس پر احساس کرو عزّت سے فکر کرو گاؤں وطن کے گیت اُس کا گلزار کرو
حفاظت کرو وطن کی حفاظت کرو

تاجوں کی صورت بھارت کی مورت ایلور اجندھا مذہب کی زندہ
باغوں بہارے یاد دلوں کو بھائی بنا ہے سپنوں کی دل میں
یہ ہم کو فکر کرو یادوں کو رنگ کرو باغوں کی صورت ہے ہم ہندوستان ہیں
حفاظت کرو وطن کی حفاظت کرو




JAMSHEER PM (HST Urdu)a



# നമ്മുടെ സ്വന്തം നാട്

ഹേ രാജ്യസ്നേഹികളെ,..പൂക്കൾ വിതറിക്കൊണ്ട് ഉച്ചത്തിൽ നമ്മുടെ
നാടിന്റെ ഗാനമാലപിക്കൂ....................
സംരക്ഷിക്കൂ ഈ നാടിനെ സംരക്ഷിക്കൂ......
ഓർക്കുക, പലരും ജീവൻ നൽകി കിട്ടിയ ഈ രാജ്യം നമ്മളിൽനിന്ന് കൈവിട്ട്
പോയികൊണ്ടിരിക്കുന്നു ..........
ദുഃഖത്തോടെ പറയട്ടെ,.......നമ്മളെല്ലാവരും ഒരുമിച്ചു തീർത്ത ഈ പൂന്തോട്ടത്തിൽ
പരസ്പരം രക്തം ഒഴുക്കുന്നു......
നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് ഒർത്തുകൊണ്ട് പൂക്കൾ വിതറിക്കൊണ്ട്
ഉച്ചത്തിൽ നമ്മുടെ നാടിന്റെ ഗാനമാലപിക്കൂ....................
സംരക്ഷിക്കൂ ഈ നാടിനെ സംരക്ഷിക്കൂ......
എത്ര നല്ല നാടാണെന്റേത് അതിന്റെ പേര് കേൾക്കുമ്പോൾ തന്നെ ധാരാളം
പ്രശംസകളാണ്......
അതിന്റെ മഹത്വം നൂറ്റാണ്ടുകൾ പഴക്കമേറിയതാണ്... ആ യാഥാർത്യം ഇന്നും
അതിനോട് അത് കൂറുപുലർത്തിപ്പോരുന്നു.....
അത് എല്ലാവരും തിരിച്ചറിയണം അതിൽ അഭിമാനിക്കണം.......പൂക്കൾ
വിതറിക്കൊണ്ട് ഉച്ചത്തിൽ നമ്മുടെ നാടിന്റെ ഗാനമാലപിക്കൂ....................
സംരക്ഷിക്കൂ ഈ നാടിനെ സംരക്ഷിക്കൂ......
താജിന്റെ ചിത്രമാണ് ഭാരതത്തിന്റെ മൂർത്തി , എല്ലോറയും അജന്തയും ഇന്നും
ജീവിച്ചിരിക്കുന്ന സംസ്കാരങ്ങളാണ്.....
ഈ വസന്തം വിരിയിക്കുന്ന തോട്ടങ്ങൾ ഓരോ മനസ്സും ഓർക്കണം,
എല്ലാവരുടെയും മനസ്സിൽ സാഹോദര്യം ഉടലെടുക്കണം......
ഇത് നമ്മെളെപ്പഴും ഓർക്കണം ആ ഓർമ്മകൾക്ക് നിറം നൽ
കിക്കൊണ്ടിരിക്കണം,
ആ നിറം പകർന്ന പൂന്തോപ്പാണ് നമ്മുടെ ഹിന്ദുസ്ഥാൻ...... അതുകൊണ്ട്....
സംരക്ഷിക്കൂ ഈ നാടിനെ സംരക്ഷിക്കൂ......



JAMSHEER PM (HST URDU)

# ഇതാണ് വാർത്ത

- സാധാരണമല്ലാത്തതും പുതുമയുള്ളതുമായ സംഭവമാണ് **വാർത്ത**
- വടക്ക് (North) ,കിഴക്ക് (East) , പടിഞ്ഞാറ് (West) , തെക്ക് (South) ദിശകളിൽ നിന്നും വരുന്ന വിശേഷങ്ങളാണ് **വാർത്ത** (NEWS)
- വെളിപ്പെടുത്തപ്പെടുന്ന എന്തെങ്കിലും ഒളിച്ചുവെക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതാണ് **വാർത്ത**
- ആരെങ്കിലും എന്തെങ്കിലും ഒളിച്ചുവെക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതാണ് **വാർത്ത**
- ഇന്നലെ വരെ ആർക്കും അറിവില്ലാതിരുന്ന കാര്യങ്ങളാണ് **വാർത്ത**
- ഒരു ജനവിഭാഗത്തെയോ സമൂഹത്തെയോ ബാധിക്കുകയും അവർക്ക് താൽപര്യമുണ്ടാകുകയും മനസ്സിലാവുകയും ചെയ്യുന്ന സംഭവമോ,ആശയമോ,അഭിപ്രായമോ ആണ് **വാർത്ത**
- മറച്ചുവെക്കപ്പെടുന്നതെന്തോ അതാണ് **വാർത്ത**
- അസാധാരണമായതെന്താണോ അതാണ് **വാർത്ത**
- പുതുമയുള്ളതെന്തോ അതാണ് **വാർത്ത**
- ലൈംഗിക കാര്യങ്ങൾ,കുറ്റകൃത്യങ്ങൾ,സാമ്പത്തിക വിവരങ്ങൾ ഇവയാണ് **വാർത്ത**
- പത്രം അച്ചടിക്കുകയും ടി വി സംപ്രേക്ഷണം ചെയ്യുകയും റേഡിയോ പ്രക്ഷേപണം നടത്തുകയും ചെയ്യന്ന കാര്യങ്ങളാണ് **വാർത്ത**
- വാർത്തക്ക് പ്രമുഖ പത്രപ്രവർത്തകർ നൽകിയ നിർവചനങ്ങളാണിവ.
  ഇനിയും കൊടുക്കാം നിർവചനങ്ങൾ.

**സാദത്തലി എൻ (HST)**

കവിത

# പ്രണയമേ എന്തിനീ വിരഹം!

*പ്രണയമേ എന്തിന് നീയെനിക്കീ വിരഹം തരുന്നു..*
*നിന്നിലെ മാധുര്യത്തെ നുണഞ്ഞതിനാലോ..?*
*നിന്റെ ശരീരവടിവുകളെ ആസ്വദിച്ചതിനാലോ..?*
*അതോ, നിന്റെ ധനുമാസക്കുളിരിനെ*
*അനുഭവിച്ചതിനാലോ..?*
*പ്രണയമേ എന്തിന് നീ എനിക്കീ വിരഹം തരുന്നു..*
*നീയെന്നോട് മന്ത്രിച്ചതിനാലല്ലെ*
*നിൻ വർണതൂലികയിൽ ഞാൻ സ്പർശിച്ചത്*
*എന്നിട്ടിപ്പോൾ എന്തിനാണെനിക്കി വിരഹം*
*ഒരു തൊട്ടാവാടിയെപ്പോലും നോവിക്കാതെ*
*നിന്നെ മാത്രം ജപിച്ച് നിന്നെ മാത്രം നിനച്ച്*
*നിന്നെ മാത്രം അറിഞ്ഞതിനാല്ലൊ ..?*
*ഇന്നെനിക്ക് ഈ വിരഹം!*
*നിന്നിലെ നിന്നെയല്ലെ ഞാൻ മോഹിച്ചത്..?*
*എന്നിട്ടും നീ*
*എനിക്കീ വിരഹം സമ്മാനിക്കുന്നുവോ....*
*നിന്റെ കണ്ണഞ്ചിക്കുന്ന സൗന്ദര്യമല്ലേ*
*എന്നെയീ മോഹനനടനമാടിച്ചത്*
*എന്നിട്ടും നീയെനിക്കീ വിരഹം തരുന്നുവോ..?*
*നിന്റെ ഈ വിരഹത്തിൻ ചാരുത മാത്രം*
*മതിയെനിക്കൊരുനൂറു വർഷം ഓർത്തിരിക്കാൻ ...*

എയ്ഞ്ചൽ മാർഷൽ IX.A

കഥ

## പൂമ്പാറ്റകളുടെ ആകാശം

പല നിറങ്ങളിൽ വിടർന്ന് നിൽകുന്ന പൂക്കൾ.
പറിനടക്കുന്ന പൂമ്പാറ്റകൾ.
ഞാനും ഒരു പൂമ്പാറ്റയെപ്പോലെ ആകാശത്ത് പാറിനടക്കു
കയാണല്ലോ. ഹായ്.........എന്തു രസം........
പെട്ടെന്നാണ് അപ്പു സ്വപ്നത്തിൽനിന്നും ഞെട്ടിയുണർന്നത്.
പൂക്കളും പൂമ്പാറ്റകളും മാഞ്ഞു പോയതിൽ അവനു വല്ലാത്ത
നിരാശ തോന്നി. ഒന്നുകൂടി ആ കാഴ്ചകളെ ഓർമ്മിച്ചെടുക്കാനുള്ള
ശ്രമത്തോടെ അപ്പു പായയിൽതന്നെ കിടന്നു.
എന്തു രസമായിരുന്നു ആ സ്വപ്നം.
ശരിക്കും താനപ്പോൾ മലയണ്ണാൻ കുന്നിലാണെന്നാണ് കരു
തിയത്. അപ്പു അങ്ങനെയാണ്, സങ്കടം വരുമ്പോൾ അവൻ
പോവുക മലയണ്ണാൻ കന്നിലേക്കാണ്.
ചിരിച്ചുനിൽക്കുന്ന വേലിപ്പൂക്കളും തരിപ്പൂക്കളും കാണുമ്പോൾ
ആകാശത്തിന്റെ ആഴങ്ങളിൽ നിന്നും പറന്നു താഴേക്ക് വരുന്ന
പൂമ്പാറ്റകളെ കാണുമ്പോൾ അവൻ തന്റെ വേദന മറക്കും.

ലിയ ഫാത്തിമ IX

കവിത

## സ്നേഹ മഴത്തുള്ളികൾ

വേനലിൽ വരണ്ട ഭൂമിക്ക്
പുതുസുഗന്ധം പരത്തുവാൻ
പുതുജീവൻ നൽകീടാൻ
ത്വരയാർന്നു വന്നീടും മഴയിൽ
കുതിർന്നുയർന്ന ജീവനുകൾ
ഹൃദയ താളമായ് കനിഞ്ഞു പെയ്യുന്ന
വരദാനമായ് നീ പെയ്തിറങ്ങിയ
നാളുകൾ പച്ചപരവതാനി
വിരിച്ചീടും ഭൂമിതൻ മാറിൽ
വീണലിഞ്ഞീടും മണിമുത്തുപോൽ....

അനാമിക . പി IX -D



ലേഖനം


# നീർത്തടങ്ങൾ

പോഷക സമൃദ്ധമായ നദികൾ നമ്മുടെ സമ്പത്താണ്. അവ നമ്മുടെ ധന, ധാന്യ, മത്സ്യസമ്പത്തിന്റെ മാറ്റു കൂട്ടുന്നു. കുടിവെള്ളം ലഭിക്കുന്നതിലൂടെ പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ നമ്മുടെ ഭാവിതല മുറയുടെ അഭിവൃദ്ധിക്ക് അടിത്തറ നീർത്തടങ്ങളാണ് എന്ന കാര്യത്തിൽ സംശയമേയില്ല.

ചിന്താരഹിതമായി രൂപകൽപ്പന ചെയ്യപ്പെട്ട ഡാമുകൾ നമ്മുടെ പരിസ്ഥിതി സംരക്ഷണത്തിന് വലിയ ഒരു പ്രഹേളികയായി നിലനിൽക്കുന്നു. ശാസ്ത്രം അതിന്റെ പഠനം തെളിയിക്കുന്നത് ഡാമുകളും റിസർവോയറുകളും ഹരിതഗൃഹവാതകങ്ങളായ കാർബൺഡൈഓക്സൈഡ്, മീഥെയ്ൻ എന്നീ വാതകങ്ങളുടെ സ്രോതസ്സുകളായി വർത്തിക്കുന്നു എന്നാണ്.

ആഗോളതാപനം നദികളെയും മറ്റ് നീർത്തടങ്ങളേയും വിവിധ തരത്തിലാണ് ബാധിക്കുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ജലജന്യരോഗങ്ങൾ, പുഴകളുടെ നാമാവശേഷം, പുഴകളുടെ ഗതിമാറ്റം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ്,ഭൂചലനം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഇതിൻെറ ബാക്കിപത്രങ്ങളാണ്. പല ജല ജീവികളും നാമാവശേഷമാകുന്നു.ചെറു ജലജീവികളുടെ വംശ വർദ്ധനവിന് ഇത് കടിഞ്ഞാണിടുന്നു. നീർത്തടങ്ങളുടെ ആരോഗ്യം, നീരൊഴുക്ക്,ശുദ്ധജലം എന്നിവയുടെ ഭീഷണിയായി ആഗോളതാപനം നിലനിൽക്കുന്നു.

റിൻഷ 9



**കഥ**



# ആത്മാർത്ഥ സുഹൃത്തുക്കൾ

**ഒ**രിടത്ത് നല്ല രണ്ട് സുഹൃത്തുക്കൾ ജീവിച്ചിരുന്നു. ചിന്നുവും മിന്നുവും.
അവർ വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു.ഒരു ദിവസം വൈകിട്ട് ചിന്നുവും മിന്നുവും കളിക്കാനായി മൈതാനത്ത് പോയപ്പോൾ പാറുവിനെ കാണാനിടയായി. പാറു വളരെ വിഷമത്തിലായിരുന്നു.മിന്നു ചെന്ന് അവളോട് കാര്യം അന്വേഷിച്ചു. അവൾ പറഞ്ഞു,
"എനിക്ക്  കളിക്കാനായി ആരും ഇല്ല ".
ഇത് കേട്ടപ്പോൾ മിന്നുവിന് ആകെ സങ്കടമായി. അന്നു മുതൽ മിന്നു പാറുവിന്റെ കൂട്ടുകാരിയായി.അവർ എന്നും ഒരുമിച്ചു കളിക്കുമായിരുന്നു . ചിന്നുവിനെ മിന്നു കളിക്കാൻ കൂട്ടിയിരുന്നില്ല.
മിന്നു ചിന്നുവിനോട് ഒന്നും സംസാരിക്കാതയായി.ചിന്നു വളരെ വിഷമിച്ചു.
അങ്ങനെയിരിക്കെ ഒരു ദിവസം മിന്നു പാറുവിന്റെ കൂടെ കാട്ടിൽ കളിച്ചു കൊണ്ടിരുന്നപ്പോൾ ഒരു സിംഹത്തിന്റ  ഗർജനം കേട്ടു. അവർ വളരെ പേടിച്ചിരുന്നു. പാറുവിന് മരം കയറാൻ അറിയുമായിരുന്നു.അങ്ങനെ അവൾ മിന്നുവിനെ ഒറ്റക്കാക്കി നല്ല ഉയരമുള്ള ഒരു മരത്തിന്റെ മുകളിൽ കയറിയിരുന്നു. മിന്നു അലറി വിളിക്കാൻ തുടങ്ങി.
ചിന്നു ഓടിയത്തി അവളുടെ കൈപിടിച്ച് ഒരു സ്ഥലത്ത് ഒളിച്ചിരുന്നു. അങ്ങനെ അവർ രക്ഷപ്പെട്ടു.മിന്നു താൻ ചെയ്ത തെറ്റിനെ ക്കുറിച്ചോർത്ത് പശ്ചാതപിച്ചുകൊണ്ട് കരഞ്ഞു .
പിന്നീടുള്ള നാളുകളിൽ
ചിന്നുവും മിന്നുവും നല്ല ആത്മാർഥ സുഹൃത്തുക്കളായി കഴിഞ്ഞു.

Devika V     8 C

ലേഖനം

## ജയവും പരാജയവും

ജയവും പരാജയവും ഉയർച്ചയും താഴ്ച്ചയും എല്ലാം ചേർന്നതാണ് ജീവിതം.പരാജയങ്ങൾ നേരിടാത്ത മനുഷ്യർ ഭൂമിയിലുണ്ടാവില്ല. പരാജയങ്ങളിൽ പതറാതെ അതിനെ വിജയത്തിലേക്കുള്ള ചവിട്ടുപടിയാക്കി മാറ്റുന്നതിലൂടെയാണ് ജീവിതവിജയം സാധ്യമാകുന്നത്. അതിന് നമുക്ക് ആവശ്യമായ ഒന്നാണ് ശുഭാപ്തിവിശ്വാസം.

എത്ര പരാജയങ്ങളുണ്ടായാലും ഒടുവിൽ വിജയത്തിലെത്തും എന്ന വിശ്വാസം, ഇതായിരിക്കണം ഓരോ വ്യക്തിയേയും മുന്നോട്ട് നയിക്കേണ്ടത്. ഉള്ളൂർ തന്റെ കവിതയിലൂടെ ഇതിനെ പരാമർശിക്കുന്നുണ്ട്. ശുഭാപ്തി വിശ്വാസത്തിന്റെ കരുത്താണ് അബ്രഹാംലിംങ്കനെ പോലുള്ളവരുടെ ജീവിതവീഥിയിൽ വെളിച്ചം വിതറിയത് .

ഡോ. എ പി ജെ അബ്ദുൽ കലാം 'അഗ്നിച്ചിറകുകളിൽ ' താൻ നേരിട്ട പ്രതിസന്ധികളെക്കുറിച്ച് വിവരിക്കുന്നുണ്ട്.

ലോകം മുഴുവൻ കുറ്റപ്പെടുത്തിയപ്പോഴും എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാൻ അദ്ദേഹത്തിന് ശക്തി നൽകിയത് ശുഭാപ്തിവിശ്വാസവും മഹത്തായ സ്വപ്നങ്ങളുമാണ്. നമ്മുടെ മനസ്സിലെ പ്രത്യാശയുടെ കൈത്തിരി അണയാതെ സൂക്ഷിക്കാം....



**Sona Mol T M - 9 E**

## അനുഭവം


അഭിജിത്ത്

വീട്ടിലെ കളിക്കൂട്ടുകാർക്കിടയിൽ എന്തെങ്കിലുമൊക്കെ നിർമ്മിച്ച് കളിക്കുന്ന ശീലം ക്കുട്ടിക്കാലം മുതൽക്കെ ഉണ്ടായിരുന്നു. സ്കൂളിൽ പ്രവർത്തി പരിചയമേളയിൽ 'പശുവും കിടാവും' എന്ന മോഡൽ ഉണ്ടാക്കുകയും അതിലൂടെ തന്റെ കഴിവ് കണ്ട് സ്കൂളിലെ ക്രാഫ്റ്റ് അധ്യാപകനായ പ്രജിത്ത് സാറിൽനിന്നും എല്ലാവിധ പിന്തുണയും കിട്ടി. കളിമണ്ണ് ഉപയോഗിച്ചുള്ള ഉൽപ്പന്ന നിർമ്മാണപ്രവർത്തനമാണ് ഞാൻ തിരഞ്ഞെടുത്തത്. വല്ലപ്പുഴ ഓട്ഫാക്ടറയിൽ നിന്നും പ്രജിത്ത്സാറിന്റെ സഹായത്തോടെ മണ്ണ് വാങ്ങി മാനവേദൻ സ്കൂളിൽ വെച്ച് നടക്കുന്ന സബ് ജില്ല മത്സരത്തിൽ 'തോണിയും തോണിക്കാരനും' എന്ന വിഷയത്തെ ആസ്പദമാക്കി മോഡൽ നിർമ്മിക്കുകയും അവിടുന്ന് സെക്കന്റ് ഏഗ്രേഡോടുകൂടി ജില്ലാതലമത്സരത്തിന് യോഗ്യത നേടുകയും ചെയ്തു. കൊണ്ടോട്ടിയിൽ വെച്ചായിരുന്നു ജല്ലാതലമത്സരം. ' മീൻ വിൽക്കുന്ന സ്ത്രീ ' എന്ന വിഷയത്തിൽ വലിയ കുഴപ്പമില്ലാതെ ചെയ്യാൻ സാധിച്ചു. അവിടുന്ന് സെക്കന്റ് ഏഗ്രേഡോടുകൂടി സ്റ്റേറ്റ് മത്സര ത്തിൽ തൃശ്ശൂരിൽ പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചു. 'യാത്ര ' എന്ന വിഷയത്തെ കേന്ദ്രമാക്കി. തീർത്ഥാടനത്തിന് പോകുന്ന ഒരു ഭക്തനെയാണ് ഞാൻ ഉണ്ടാ കിയത്.അതിന് A grade കിട്ടി. എന്റെ ആഗ്രഹ സഫലീകരണം പൂർത്തി യാക്കി അതിയായ സന്തോഷത്തോടെ ഞാൻ നാട്ടിലേക്ക് മടങ്ങി.



Poem

# The flower

*I am a flower*
*I wake up in sun light*
*Who am I?*

*I need food to grow up*
*I like to shines in the sun light*
*I am a flower*

*My best friends are butterflies*
*I dances in the blowing wind*
*I am a flower*

*I am a flower*
*Do you know me?*
*I am  sun flower*

**Sterlin K prince 8 -A**

കവിത

# പ്രകൃതി

മണ്ണിലും വിണ്ണിലും പല തരം കാഴ്ച്ചകൾ
കണ്ടു രസിച്ചു നിൻ നേത്രങ്ങൾ
പച്ചപ്പുൽ മേടുകൾ വയലോരങ്ങൾ
കായ്ച്ചു നിൽക്കുന്ന നാളികേരക്കൂട്ടങ്ങൾ
കാണാൻ എന്തു ഭംഗി ഭൂമി....
പൂക്കൾതൻ തേന് കുടിപ്പാൽ
ഓടി നടക്കുന്ന കുഞ്ഞു ചിത്ര ശലഭങ്ങൾ
നാവിൻ രുചിക്കൂട്ടിൽ നിറഞ്ഞു നിൽക്കുമീ,
ചക്കരത്തേനാൽ മധുരമൂറും മാമ്പഴങ്ങൾ
ഒഴുകും നദിയിൽ നൃത്തം വെയ്ക്കും മീനുകൾ
തിളങ്ങി മറയും ജലകണികകൾ
നീന്തിത്തുടിക്കാൻ കൊതിക്കുന്നുവോ...

ഫർഷാന VIII

കഥ

# മുത്തശ്ശി

**ഒ**രിടത്ത് ഒരു മുത്തശ്ശിയും കൊച്ചു മകളും താമസിച്ചിരുന്നു. കൊച്ചുമകളുടെ പേര് 'അമ്മു' എന്നായിരുന്നു.അമ്മു കുഞ്ഞായിരിക്കുമ്പോൾ അച്ഛനും അമ്മയും മുത്തശ്ശിയും കൂടി ഒരു തീർത്ഥ യാത്ര പോയിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾഎതിരെ വന്ന ഒരു ലോറി വന്നിടിച്ചു .സംഭവസ്ഥലത്ത് വെച്ചുതന്നെ അച്ഛനും അമ്മയും മണരണമടഞ്ഞു. കാറിന്റെ പിൻസീറ്റിൽ മുത്തശ്ശിയുടെ മടിയിലായിരുന്നു അമ്മു അതുകൊണ്ട് അവർക്ക് രണ്ടുപേർക്കും ഒന്നും സംഭവിച്ചില്ല. പിന്നീടുള്ള കാലം അമ്മുവിനെ മുത്തശ്ശി തന്റെ അമ്മയുടെയും അച്ഛന്റെയും വാത്സല്യം നൽകി വിദ്യാഭ്യാസം നൽകി വളർത്തി വലുതാക്കി .അമ്മുവിന് കല്ല്യാണ പ്രായമായപ്പോൾ നല്ല വിദ്യാസമ്പന്നനായ ഒരാളുടെ കൂടെ കല്ല്യാണം നടത്തി പറഞ്ഞയച്ചു. പിന്നീടവൾക്ക് മുത്തശ്ശി ഒരു ഭാരമായി മാറി .അങ്ങനെ അവൾ ഒരു ദിവസം മുത്തശ്ശിയോട് സ്നേഹം നടിച്ച് ടൂർ പോവുകയാണെന്ന് പറഞ്ഞ് അവരെ ഒരു വൃദ്ധ സദനത്തിൽ കൊണ്ടാക്കി.തന്നെ ഒഴിവാക്കുകയാണെന്നു മനസ്സിലാക്കിയ മുത്തശ്ശി അവളെ ചേർത്ത് പിടിച്ചു കൊണ്ട് ഒരു ചെറു പുഞ്ചിരിയോടെ നെറുകയിൽ ചുമ്പിച്ചുകൊണ്ട് പറഞ്ഞു " എന്റെ പൊന്നു മോള് സുഖമായി ജീവിക്കണം ഈ മുത്തശ്ശി എന്നും പ്രാർത്ഥിക്കുന്നുണ്ട് എനിക്കിവിടെ ധാരാളം കൂട്ടുകാരികളുണ്ട് അതുകൊണ്ട് എന്റെ അമ്മു ഒന്നുകൊണ്ടും പേടിക്കേണ്ട . പിന്നെ നിനക്ക് പിറക്കുന്ന കുഞ്ഞിന് നിന്റെ അമ്മയുടെ പേരിടണം ." ഇത്രയും പറഞ്ഞുകൊണ്ട് ആ മുത്തശ്ശി അമ്മുവിനെ യാത്രയാക്കി.പിന്നീടൊരിക്കലും അമ്മു ആ മുത്തശ്ശിയെ കാണാൻ വന്നിട്ടില്ല.



അസ്ന VIII

ലേഖനം

# മലിനീകരണം

ഇന്ന് മനുഷ്യൻ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മലിനീകരണം. മനുഷ്യനും, പരിസ്ഥിതിക്കും അപകടകാരികളായ വസ്തുക്കൾ സ്വതന്ത്രമാകുന്നതിനെയാണ് മലിനീകരണം എന്നുപറയുന്നത്. ഇത് പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും ദോഷകരമാണ്. മലിനീ കരണം വിവിധ തരത്തിൽ ഉണ്ടാകുന്നു. പ്ലാസ്റ്റിക്മലിനീകരണം, ശബ്ദമലിനീകരണം, ജലമലിനീകരണം എന്നിങ്ങനെ തരം തിരിക്കാം. വ്യവസായ ശാലകൾ മുഖേന വരുന്ന വിഷപദാർത്ഥങ്ങൾ അന്തരീക്ഷത്തെയും, വെള്ളം,വായു, മണ്ണ് എന്നിവയെയും മലിനപ്പെടുത്തുന്നു. കൂടാതെ അശാസ്ത്രിയമായി കൃഷിയിൽ ഉപയോഗിക്കുന്ന വളങ്ങൾ, വാഹനങ്ങൾ പുറംതള്ളുന്ന വിഷവാതകങ്ങൾ എന്നിവ മാരക രോഗങ്ങൾക്ക് ഹേതുവാകുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് പദാർത്ഥങ്ങൾ മണ്ണിനെ നിർവീര്യമാക്കുന്നതോടൊപ്പം അതു കത്തിക്കുകവഴി അന്തരീക്ഷം അതി മാരക വിഷമയമായി മാറുന്നു. പൂർണ്ണമായും ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ അടിസ്ഥാന ആവശ്യങ്ങളിൽനിന്നും പ്ലാസ്റ്റിക്കിനെ ഒഴിവാക്കൽ അസാധ്യമാണ്. പക്ഷേ ക്രമാതീതമായി ഉപയോഗിക്കുക വഴി അവയിൽനകുറവ് വരുത്താൻ നമുക്കോരോരുത്തർക്കും സാധ്യമാവണം.

ഇന്ന് വിവിധ രാജ്യങ്ങൾ ശക്തമായ നിയമങ്ങൾ കൊണ്ട് മലിനീകരണത്തെ ചെറുക്കുന്നുണ്ട്. മലിനീകരണം നമ്മുടെ ജീവിതത്തെ വളരെ മോശമായി തന്നെ ബാധിക്കുന്നുണ്ട് എന്ന് തിരിച്ചറിയുക. ഭൂമിയില്ലാതെ മനുഷ്യർക്ക് മറ്റൊരു വാസസ്ഥലം ഇല്ല. എന്നു നാം ഓർക്കണം. പരീക്ഷണാടിസ്ഥാനത്തിൽ നാം പ്രകൃതിക്കുമേൽ ഒരുപാട് വിജയങ്ങൾ കൈവരിച്ചിരിക്കാം അതിൽ അഹങ്കരിക്കേണ്ടതില്ല. ഓരോ വിജയങ്ങൾക്കും പ്രകൃതി നമ്മോട് പകരം ചോദിക്കുന്നുണ്ട് .അതാണ് നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത് .

ശുദ്ധമായ വസന്തത്തിലേതുപോലെ സുഗന്ധമുള്ള പക്ഷികൾ പാടിക്കൊണ്ടിരിക്കുന്ന അന്തരീക്ഷം നമുക്കുചുറ്റും ഇന്നില്ല. ഭൂമിയുടെ അന്തരീക്ഷം ഇന്ന് ഗണ്യമായി മാറിക്കൊണ്ടേയിരിക്കുന്നു. അതിന് നമ്മുടെ ജീവിതശീലങ്ങളും ഒരു കാരണമാകുന്നു. ഒരു മരമെങ്കിലും നമുക്ക് പ്രകൃതിക്ക് തിരിച്ചു നൽകാൻ സാധിക്കണം. മലിനീകരിക്കപ്പെട്ട പുഴകളെയും തടാകങ്ങളെയും നമുക്ക് നിർമലിനീകരിക്കാം. സർക്കാർ നടപടികളെ മാത്രം പ്രതീക്ഷിച്ച് നിൽക്കാതെ ഒരു ഉത്തമ മാറ്റം കൈവരിക്കേണ്ടതുണ്ട്.

ആഷ പി (HST)

Poem



# FADED

Why did you fade even exactly from me ?
Why did you hide from me ?
Why did you show your lines in me ?

I saw,
Your faded smile in falling leaves
And your halcyon in blooming flowers

I was searching you,
in the shining colours of rainbow,
in the petals of flower,
And in each and every rain drop
But I couldn't find you
You made me sad



ANEENA -VIII B

കവിത

## എന്റെ വിദ്യാലയം

വെൺമയായ് വിളകൊള്ളും ഉൺമയായ് നിലകൊള്ളും
ജഗദീശ കൃപതുല്ല്യം ജഗത്തിന്നാധാരം
ഒരു കുടക്കീഴിലായ് ഒരുമിച്ചു നിലനിൽക്കാൻ
അറിവേകും ഗുരുഭൂതർ      അതുല്യരാം ആചാര്യർ
അതീതമാം ജ്ഞാനത്തിൻ താരാഗണങ്ങളെ
ആദ്യാക്ഷരം പോൽ നാവിൽക്കുറിച്ചീടുവാൻ
ഇന്ദ്രിയ വിജ്ഞാന വൈഭവം പകർന്നീടാൻ
ഇരവേതും പകലേതുമില്ലാതെ തുണക്കുന്നു
അമ്മിഞ്ഞപ്പാലു പോൽ മാധുര്യമൂറിടും
അന്ധകാരം നീക്കിയെത്തും സൂര്യാംശുപോൽ
ബാല ചാപല്യമുടയും കളിത്തട്ടിൽ
അറിവിൻെറ ലീലകളാടിക്കളിക്കുവാൻ
ഗുരുഭുതരെ മാനിച്ചീടുക, മക്കളേ
എളിമയും തെളിമയും എന്നും വിളങ്ങീടാൻ
കാണൂ, കർത്തവ്യ ബോധമില്ലായ്മയെ
കൈകൂപ്പി നിൽപ്പൂ ഞാൻ! എന്നും വിളങ്ങട്ടെ-
എന്റെയാ വിദ്യാലയം



**Poornima Murali lX A**

## രാക്ഷസാ... നിനക്കു നാശം

ഹേ, മനുഷ്യാ...നീച കുമാരാ..
നീ ചവച്ചു തുപ്പിയതൊരു പിഞ്ചുകുഞ്ഞിന്റെ സ്വപ്നം
ചിറകുകൾ കീറിപ്പറിച്ചെറിയെ,
തൂവൽ ചിതറിത്തെറിച്ചു പോകെ
ഒരു കുഞ്ഞുതേങ്ങൽ...വിതുമ്പും സ്വരം...
നിന്റെ കാമഭ്രാന്ത് തീർക്കുവാനല്ല
പിറക്കുന്നതൊരുപൂവും ഈ ഭൂമിയിൽ...

കാലമെന്നതൊരു സത്യമെങ്കിൽ, ചൂണ്ടും
ഒരു വിരൽ ഒരിക്കൽ നിനക്കുനേർക്ക്...
മരണം പോലും നിനക്കൊരു രക്ഷയായ്
തോന്നുന്നു രാക്ഷസാ...
നിനക്കു നാശം... നിനക്കു നാശം...

**Muhammed Sinan OP - VIII M**

# എന്റെ നാട്



**നിലമ്പൂര്,** വളരെ ഭംഗിയുള്ള കുന്നും മലയും പുഴയും കാടുകളും നിറഞ്ഞ വളരെ സുന്ദരമായ ഒരുനാട്. മലയിടുക്കുകളിൽകൂടി ശുദ്ധമായി ഒഴികിവരുന്ന പുഴക ളും പാലരുവികളും അങ്ങനെ എത്രയെത്ര വർണ്ണങ്ങളായിരുന്നു എന്റെ നാട്.എന്നാൽ ഒരുദിവസം മഴ കനത്തു പെയ്തു. നല്ലരീതിയിൽ വെള്ളം ഉയർന്നു വലിയ കുറ്റിയുറപ്പുള്ള മലനിരകൾപോലും തകർന്ന് തരിപ്പണമായി.സുന്ദരമായി ജീവിച്ചിരുന്ന ആള ുകൾ ഒന്നുമറിയാതെ മണ്ണിനടിയിലായി. അവിടെവിടെയുമായി പല അലമു റയിട്ടുള്ള കര ച്ചിലുകൾ. വെള്ളം കയറിയ വീടുകൾ ജീവിക്കാൻ പറ്റാതായി അങ്ങനെ പ്രകൃതി ആകെ തകർന്ന്തരിപ്പണമായി. മനുഷ്യന്റെ പ്രകൃതിയോ ടുള്ള അനിയന്ത്രിതമായ ഇടപെടലാണ് ഈ ദുരന്തങ്ങൾക്ക് കാരണമായത്.നമ്മളിങ്ങനെ ഇത് തുടർന്നാൽ വരും കാലങ്ങളിൽ ഇത്തരത്തിലുലുള്ള ദുരന്തങ്ങൾ ഇനിയും തുടർന്നുകൊണ്ടേയിരിക്ക ും.അങ്ങനെ ഭൂമി ഇല്ലാതാകും അതുകൊണ്ട് നമ്മൾ പരിസ്ഥിയെ സംരക്ഷിക്കുക.

*ANSHIF E. 9D*

ലേഖനം

# ലഹരി എന്ന വിപത്ത്

ഇന്ത്യയിൽ നിരവധി ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നു. ചാരായം എന്നിങ്ങനെ പലതും. മദ്യം എന്നത് മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അത് കുടിക്കുന്നവർ സ്വയം നശിക്കുന്നു. തനിക്ക് തന്നെ സ്വയം നിയന്ത്രിക്കാൻ. ഭൂരി പക്ഷം മനുഷ്യർക്കുവേണ്ടി മദ്യത്തെ നിരോധിക്കേണ്ടത് നമ്മുടെ കടമയാണ്. സത്യത്തിൽ മനുഷ്യൻ ശാരീരികമായും സാമ്പത്തികമായും സ്വന്തം ജീവിതം ന ശിപ്പിച്ചുകൊണ്ടിരിക്കുകയാണ് .

പുകയില മനുഷ്യർക്കിടയിൽ ഏറെ നാശം വിതച്ചിട്ടുണ്ട്. ഒരിക്കൽ അതിന്റെ പിടിയിലായാൽ രക്ഷപ്പെടാൻ വളരെ പ്രയാസമാണ് .മദ്യം അല്ലെങ്കിൽ പുകയില അതൊന്നുമല്ലങ്കിൽ മറ്റൊന്നായി ലോകം മുഴുവൻ അതിനെ ഉപയോഗിക്കുന്നു. പുകയിലയും മദ്യവും ഉപയോഗിച്ചാൽ അത് നമ്മെ കൊണ്ടേപോകൂ.....എന്നാൽ പുകയില ഉപയോഗിക്കുന്നത് ഒരു ഉപയോഗവും ഗുണവും എനിക്കറിയില്ല.പു കവലി ചിലവുകൂടിയ ശീലമാണ്.

മാസം മാസം എഴുപത്തിയഞ്ചു രൂപ ചിലവഴിക്കുന്ന ഒരു ഇംഗ്ലീഷുകാരന്റെ കഥ ഞാൻ വായിച്ചിട്ടുണ്ട്.അയാളുടെ മാസവരുമാനം 375 രൂപ. അതായത് മാസ വരുമാനത്തിന്റെ അഞ്ചിലൊന്ന് അയാൾ പുകവലിച്ച് കളയുന്നു. തീവണ്ടികളിലും ബസ്സുകളിലുമൊക്കെ പുകവലിക്കുന്നവരെ കാണാം.പുകവലിക്കാത്തവർക്ക് അ തിന്റെ മണം ഒട്ടും പിടിക്കില്ല. പുകവലി ഉമിനീരുണ്ടാക്കുന്നു. പുകവലിക്കാർക്ക് എവിടെ തുപ്പുന്നതിലും വിരോധമില്ല എന്നാണ് അവരുടെ ധാരണ. പുകവലി നാവിനെ രുചിയില്ലാതാക്കുന്നു. ഒരുപക്ഷെ ഇതിനാലാവാം ആളുകൾ പുകവലി ക്കന്നത്. പുകയില ഒരു ലഹരി പദാർത്ഥമാണ് അതിലാർക്കും സംശയമുണ്ടാവേ ണ്ടതില്ല. പുകവലിക്കുന്നത് എന്തിനാണെന്ന് ഞാനൊരാളോട് ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് വിഷമങ്ങളും നിർഭാഗ്യങ്ങളുമൊക്കെ മറക്കാനാണത്രെ. കോടി ക്കണക്കിന് പുകവലിക്കാർ നേരെ നടക്കന്നുണ്ട് എന്ന്കരുതി പുകവലിക്കണ മെന്നല്ല. ലഹരി പദാർത്ഥങ്ങളിൽ ഏറ്റവും ചീത്തയേറിയത് പുകവലിയാണ്.

പണ്ടുള്ളവർ പറയാറുള്ള ചൊല്ലുണ്ട് പുകവലിക്കാരൻ വീട് പുകകൊണ്ട് നിറക്കുന്നു. മുറുക്കുന്നവന് വിവേകമുണ്ടെങ്കിൽ ഒരു കോളാമ്പി കൊണ്ട് നടക്ക ണം. ആരോഗ്യത്തെ സ്നേഹിക്കുന്നവൻ ഈ തിന്മയിലൊന്നും പെടാതെ വരും.

FIDHA M IX-A

ലേഖനം

## വനം



*കാട് കറുത്ത കാട് മനുഷ്യൻ ആദ്യം പിറന്ന വീട് .............*
*മഴയും കുളിരും പശിയാറ്റും പഴമയും*
*ഉയിരിന് മരുന്നായും കളിപ്പാട്ടമായും*
*ഊന്നുവടിയായും തൊട്ടിലായും ശവക്കട്ടിലായും*
*നമ്മോടൊപ്പമെത്തുന്ന ഒന്നാണ് മരം......*

*വനം കനിയുന്ന ഏററവും വലിയ ധനമാണിത്.*


**ഇ**ങ്ങനെ കവികൾ വാഴ്ത്തിയിട്ടുള്ള വൃക്ഷസമ്പത്ത് ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഇത് നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിച്ചിട്ടുണ്ട്. വനനശീകരണം സൃഷ്ടിക്കുന്ന പ്രത്യക്ഷമായ ആപത്ത് ഇന്ധനക്ഷാമമാണ്.വനനശീകരണം പരോക്ഷമായി മറ്റ് നിരവധി പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട് ഇത് മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും മഴയെ പ്രതികൂലമായി ബാധിക്കുന്നതിനും,വരൾച്ചക്കും വഴി തെളിക്കുന്നു. നമ്മുടെ കൃഷിഭൂമിയുടെ ഒരുശതമാനം വീതം പ്രതിവർഷം മരുഭൂമിയായി മാറ്റപ്പെടുന്നുണ്ടെന്നാണ് ഗവേഷകരുടെ അഭിപ്രായം .

വനനശീകരണം വന്യമൃഗങ്ങളുടെ നാശത്തിന് വഴിതെളിക്കുന്നു. പ്രകൃതിയുടെ സംതുലിതാവസ്ഥയെ ബാധിക്കുന്നു. ഇത് ജീവിതം ദുരിതപൂർണമാക്കും. വനങ്ങളുടെ പ്രധാന്യം,അവ പരിപാലിക്കേണ്ടതിന്റെ ആവശ്യകത, നശീകരണം തടയുന്നതിനുള്ള മാർഗങ്ങൾ എന്നിവ വ്യക്തമാക്കുന്ന സെമിനാറുകളും പ്രദർശനങ്ങളും ഈ അവസരത്തിൽ നാം സംഘടിപ്പിക്കാറുണ്ട്.പക്ഷേ നിറപ്പകിട്ടാർന്ന ചടങ്ങുകൾക്കും ആഘോഷങ്ങൾക്കുമപ്പുറം നിശബ്ദമായ വിപ്ലവമാണ് ഈ രംഗത്ത് വേണ്ടത്. നമ്മുടെ വനസമ്പത്ത് സംരക്ഷിക്കാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാവണം. ആവശ്യങ്ങൾക്കായി നമുക്ക് മരംമുറിക്കാതിരിക്കാനാവില്ല. അതിനുപകരമായി നമ്മൾ മറ്റൊരു മരം നടേണ്ടതാണ് .

" ഒരു തൈ നടുമ്പോൾ.... ഒരു തണൽ നടുന്നു....".

" കാടില്ലെങ്കിൽ നാടില്ല .........നാടില്ലെങ്കിൽ നാമില്ല "

കാടും,പുഴയും കാട്ടു പൂഞ്ചോലയുടെ കുളിരും നമുക്ക് തിരിച്ചു കൊണ്ടു വരേണ്ടിയിരിക്കുന്നു. ഒലിച്ചു പോകാത്ത മണ്ണും, പ്രവാഹം നിലയ്ക്കാത്ത പുഴയും,കാലം തെറ്റാത്ത മഴയും നമുക്ക് വീണ്ടും കൈക്കലാക്കേണ്ടിയിരിക്കുന്നു.



നിസാർ അഹമ്മദ് (HST)

Poem

# BEHIND MY SMILE…

Behind my smile that you ever find,

So many times I have cried my face with smile

Do you know, in front of you I am the 'brightening star'

I told you that you can't find my inner mystery

That I have a 'gained a power'

To hide my mystery,

My melancholic,

My love



God knows me, well than you

He knows my pain,

He knows the hurt

And all the strains

That's why he teaches me how to smile

ANGEL MARSHEL [IX:A]

ലേഖനം

# ഖനനം

കൽക്കരി,അയിരുകൾ, എണ്ണ, പ്രകൃതി വാതകങ്ങൾ എന്നിവ ഭൂമിയിൽനിന്നും എടുക്കുന്നതിനെ ഖനനം എന്ന് പറയുന്നു. ആദ്യകാലങ്ങളിൽ കുഴിച്ചെടുക്കുകയായിരന്നു രീതി. എന്നാൽ ഇന്ന് കുഴിച്ചെടുക്കാറില്ല. പകരം സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് മണ്ണ് തെറിപ്പിക്കുകയാണ് ചെയ്യുന്നത്. ഇന്നത്തെ ഖനനരീതി വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതുമൂലം മണ്ണിലെ ഖനനം കഴിഞ്ഞാൽ അവിടം ഉപയോഗ ശൂന്യമാ കുന്നു. മാത്രമല്ല ഈ മണ്ണിൽ മെർക്കുറിപോലെ ധാരാളം വിഷമൂലകങ്ങൾ ഉണ്ടാകുന്നു. ഇവ മണ്ണിനെപോലെതന്നെ വെള്ളവും മലിനമാകുന്നു.(ഉദാഹരണം:-സ്വർണ്ണ ഖനനം) അതിനാൽ പാരിസ്ഥിതിക സൗഹൃദമായരീതിയിൽ ഖനനം നടത്താനുള്ള സാങ്കേതിക വിദ്യകണ്ടെത്തേണ്ടിയിരിക്കുന്നു.

ലാറ്ററൈറ്റ് എന്ന് ഇംഗ്ലീഷിൽ വിളിക്കുന്ന കായന്തരശിലകളിൽ നിന്നും വെട്ടിയെ ടുക്കുന്ന ചുവന്നനിറമുള്ള കല്ലാണ് ചെങ്കല്ല്.കെട്ടിടനിർമാണത്തിനും ചുറ്റുമതിലുകളടെ നിർമ്മാണത്തിനുമാണ് പ്രധാനമായും ഇത് ഉപയോഗിക്കുന്നത്. മുൻപ് മഴു ഉപയോ ഗിച്ച് വെട്ടിയെടുത്തിരുന്ന ചെങ്കല്ലുകൾ ഇന്ന് യന്ത്രങ്ങൾ ഉപയോഗിച്ച് വൻതോതിൽ വെട്ടിയെടുക്കുന്നു. തുടർച്ചയായ ഇത്തരം ഖനനം മൂലം ഈ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമവും ആസ്ത്മ ഉൾപ്പെടെയുള്ള രോഗങ്ങളും പടരുന്നു. യന്ത്രങ്ങൾ ഉപയോഗിക്കുന്നത് ശബ്ദമലിനീകരണത്തിനും കാരണമാകുന്നു.

പ്രളയാനന്തരകേരളത്തിന്റെ അതിജീവനത്തിൽ ഏറെ ചർച്ചചെയ്യപ്പെടുന്നവ യാണ് കുന്നിടിക്കലും ഖനനവുമെല്ലാം. ആധുനികമനുഷ്യന്റെ സ്വാർത്ഥചിന്തയും ആധുനിക സൗകര്യങ്ങ ളോടുള്ള ഭ്രമവും ഭാവിയെക്കുറിച്ചുള്ള ചിന്തയില്ലായ്മയും ഭൂമി യുടെ ജൈവവൈവിധ്യവും ആവാസവ്യവസ്ഥയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ ജീവജാലങ്ങൾക്കും, വരുംതലമുറകൾക്കും അവകാശമുള്ളതാണെന്ന ബോധമില്ലാത്ത കച്ചവട കോലാഹലങ്ങളിൽപ്പെട്ട് ഭൂമി ദിവസംതോറും മരിച്ചുകൊണ്ടിരിക്കുന്നു.

തെസ്നിംതാജ് പി.എ (HST)

*Poem*



# A NOTE FOR MY FRIENDS

*As my days with you*
*were to end*
*my heart was filled*
*with your memories.*

*Earth and every day*
*Each time with you*
*was precious for me.*

*Like light falling into*
*dark sea*
*your memories fell into*
*my heart.*

*Still my heart is filled with*
*your sweet memories.*

*Because you are my friend,*
*and you can only change me.*

*Haneena.Mk -8.B*

കവിത



# അമ്മ

എന്തിഷ്ടമാണെനിക്കെന്നും
എന്നമ്മ തരുന്ന മധുരം
എന്തിഷ്ടമാണെനിക്കെന്നും
എന്നമ്മ തരുന്ന വെള്ളം
എന്തിഷ്ടമാണെനിക്കെന്നും
എന്നമ്മ വിളമ്പുന്ന ഭക്ഷണം

ദിയ VIII

കവിത

## പുതുമഴ

നീരദപാളികൾ വന്നുനിരന്നു
മാനം മഴയുടെ കൊടിപാറ്റി
വേനൽച്ചൂടിൽ വറ്റിവരണ്ടൊരു
മണ്ണിൽ മഴയുടെ നിഴലാട്ടം
തളരും ശാഖികൾ മെല്ലെ നിവർന്നു
മാമരമതിനുമൊരുന്മേഷം
കാലികൾ ആലയിൽനിന്ന് വിളിപ്പൂ
മഴയുടെ ആരവമവിടെത്തി
കാറ്റൂതുന്നു മലമുകളീലവ
പ്രഹരപ്പടയുടെ പടയോട്ടം
പെരുമ്പട കൊട്ടി,വെള്ളിടിവെട്ടി
പാരതുഞെട്ടി നിമിഷാർധം
മഴയുടെ വരവായ്,വന്നൂപതിയെ
പെരുമഴയായതു കടലായി
തനുവും മനവും കുളിരേ കുട്ടികൾ
പുതുമഴ തന്നിൽ നീരാടി.

ഫിദ ഷെറിൻ.വി.പി IX-D



ലേഖനം



# കവളപ്പാറ നമുക്കുതരുന്ന പാഠം

കഴിഞ്ഞ വർഷങ്ങളിൽ കേരളം കണ്ട രണ്ടാമത്തെ മഹാദുരന്തമാണ് നിലമ്പൂരിനെയും വയനാടിനെയും പിടിച്ച് വിഴുങ്ങിയ പ്രളയം. ഒന്നാമത്തെ പ്രളയം തെക്കൻ ജില്ലകളെ ബാധിച്ചത് മനുഷ്യൻ ഡാം തുറന്നുവിട്ടതിന്റെ പേരിലാണെന്ന് നമുക്ക് ന്യായീകരിക്കാം. എന്നാൽ രണ്ടാമത്തെ പ്രളയമോ? ചോദ്യം നമ്മുടെ ഒരോരുത്തരുടെയും നേർക്കാണ്.മനുഷ്യൻ എല്ലാത്തിനും ന്യായീകരണം കാണ്ടെത്തും. അതാണ് മനുഷ്യൻ.ആർഭാടവും അഹങ്കാരവും അഹന്തതയും നിറഞ്ഞ പൊങ്ങച്ചത്തിന്റെ അന്ധത ബാധിച്ച മനുഷ്യൻ സ്വയം മൂഢനായി അഭിനയിക്കുന്ന കാഴ്ച്ചയാണ് നാം നിത്യേന കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെയുള്ള ജീവജാലങ്ങൾക്കും ഒരുപാട് തലമുറകൾക്കും ബാക്കിയാകേണ്ട ഭൂമിയെ ഈ അന്ധത മൂടിയ മനുഷ്യൻ കാർന്ന്തിന്നു കൊണ്ടിരിക്കുന്നു.കണ്ണടച്ച് ഇരുട്ടാക്കി മനുഷ്യൻ ഭൂമിയുടെ നെഞ്ചകം പിളർത്തി സമ്പാധിച്ച് കൂട്ടുമ്പോൾ ഒരിക്കൽ ഭൂമി ഉറഞ്ഞു തുള്ളുമെന്നും തന്റെ സമ്പാദ്യം മുഴുവൻ കൊണ്ടുപോകുമെന്ന് ഒരു പക്ഷേ അവൻകരുതിയിരിക്കില്ല.

സ്വാർത്ഥതയുടെ കരാളഹസ്തങ്ങൾ പ്രകൃതിയുടെ നിഖില മേഖലകളിലും പിടിമുറുക്കുമ്പോൾ നമ്മുടെ മുമ്പിൽ കവളപ്പാറയും പാതാറും ഒക്കെ ദുരന്തമുഖങ്ങളുടെ അടയാളമായി നിൽക്കുന്നു.അനിയന്ത്രിതമായി പുഴകളോടും നീർച്ചാലുകളോടുമുള്ള കടമ മറന്ന് കൊണ്ട് ആർഭാടത്തിന്റെ അംബരചുമ്പികൾ നിർമ്മിച്ച് അതിൽ സുഖനിദ്രയിലാണ്ട് കിടക്കുമ്പോൾ ഒരു പക്ഷേ നാം ഓർത്തുകാണില്ല പുഴകൾ അവരുടെ അവകാശങ്ങൾ ചോദിച്ച് നമ്മുടോരോരുത്തരുടെയും വാതിൽക്കൽ മുട്ടിവിളിക്കുമെന്ന്. "അതെ, പുഴകൾക്കും അവരുടെതായ അവകാശങ്ങൾ ഉണ്ട്."പുഴകൾക്കു മാത്രമല്ല ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങൾക്കും അവരുടെതായ അവകാശങ്ങൾ ഉണ്ട്.

ഇവിടെ പ്രത്യേകം ഓർക്കേണ്ട ഒരു കാര്യം നാം പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നതിലുള്ള മിതത്വം എത്രത്തോളം പാലിക്കുന്നു എന്ന വസ്തുതയാണ്.കവളപ്പാറ നമുക്ക് ഒരു പാഠമാണ്. എന്തിനും ഏതിനും നമ്മൾ പ്രകൃതിയെ കുറ്റപ്പെടുത്തുന്നു.വികസനത്തിന്റെ പേരും പറഞ്ഞ് മനുഷ്യൻ പ്രകൃതിയിൽ കാട്ടിക്കൂട്ടുന്ന പേകൂത്തുകളുടെ കർമ്മ ഫലമാണ് ഇവിടെ 62 ജീവനു

കളെടുത്തത്. മുറുജീവനുകൾ ഒട്ടനേകം വേറെയും. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് മനുഷ്യന് ഇനി പ്രകൃതിയോടു മുഖം തിരിച്ചു ജീവിക്കാൻ സാധ്യമല്ല. കാരണം പ്രകൃതി ദുരന്തങ്ങൾ ഇനിയൊരു തുടർസംഭവങ്ങളായിരിക്കും .ഇല്ലാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ജംഷീർ PM (HST)**



കവിത

## എന്റെ നാടും

ഒരു തുള്ളി വന്നെന്റെ തുമ്പമാം പൂവിന്റെ
തണുപ്പുള്ള ഇതളിൽ പാഞ്ഞുപറ്റി.
അറിഞ്ഞില്ല ഞാനതു എന്റെ നാടിന്റെ
സർവ്വ ഞരമ്പിനെ മുറിച്ചടരും.
എങ്കിലും താഴ്ന്നില്ല താഴ്ത്തിപ്പിടിച്ചില്ല
എൻ നാടും എൻ നാട്ടുകാരും.
അന്ന് നമുക്ക് ജാതിയില്ല,
മതവും നിറവും വ്യത്യാസമില്ല.
ജാതിക്കു വേണ്ടി കൊലചെയ്തവർ
നിറത്തിനെതിരെ നിലകൊണ്ടവർ
അന്നതവർക്ക് നോട്ടമില്ല.
ഒരു വരിയിൽ ഒരു നിരയിൽ
ഒരു പോലെയുള്ളവർ
ഒരു നോക്കുറങ്ങുവാൻ ഒന്നു നിന്നു....
അഭിമാനം കൊണ്ട് ഞാൻ തലയുയർത്തി
കണ്ണുനിറഞ്ഞുപോയ്
കരളും കവർന്നുപോയ്
അന്നെന്റെ നാടിന്റെ സ്നേഹമോർത്ത്....

സിയ



ലേഖനം

## ആഗോളതാപനം

നമ്മുടെ അറിവിൽ ജീവനുള്ള ഒരേയൊരു ഹരിതഗ്രഹം ഈ ഭൂമി മാത്രമാണ്. ജീവോൽപത്തി മുതൽ അന്തരീക്ഷത്തിൽ കാർബൺഡൈഓക്സൈഡിൻെറ സാന്നിധ്യം ആവശ്യമാണ്. അല്ലെങ്കിൽ ഭൂമി തണുത്തുറയും. ആ അവസ്ഥയിൽ ജീവൻ നിലനിൽക്കില്ല. കാർബൺഡൈഓക്സൈഡിൻെറ അളവ് എത്രമാത്രം എന്നതാണ് പ്രശ്നം. ശുക്രൻെറ അന്തരീക്ഷത്തിൽ 97% കാർബൺഡൈഓക്സൈഡാണ്. അതിനാൽ ഭൂമിയുടെ അന്തരീക്ഷത്തെക്കാൾ നൂറ് മടങ്ങ് ഇൻഫ്രാറെഡ് വികിരണങ്ങൾ സ്വീകരിക്കാൻ ശുക്രന് കഴിയുന്നു. അവിടുത്തെ താപനില 400 ഡിഗ്രി സെൽഷ്യസ് എത്തിയിരിക്കുന്നു.

ഭൂമിയുടെ അന്തരീക്ഷത്തിൽ ഏതാണ്ട് മുഴുവനായും നൈട്രജനും ഓക്സിജനുംമാണുള്ളത്. കാർബൺഡൈഓക്സൈഡിൻെറ അളവ് 0.03 ആണ് ഇത് 0.05 ഓ 0.06 ഓ ആവുന്നതാണ് പ്രശ്നം. ഗണിതശാസ്ത്ര പ്രകാരം ഇതു വളരെ കുറവാണ്. പക്ഷേ ജീവനെ സംബന്ധിച്ചുള്ള എല്ലാ മാറിമറിയലുകൾക്കും ഇത് കാരണമാകുന്നു. ഈവർദ്ധനവുകൊണ്ടുമാത്രം ഹിമപാളികൾ ഉരുകാനും,വെള്ളപ്പൊക്കമുണ്ടാവാനും കാരണമാകുന്നു.

വരൾച്ച, കൃഷിനാശം, രൂക്ഷമായ ഭക്ഷ്യക്ഷാമം, കാലംതെറ്റി വരുന്ന മഞ്ഞുംമഴയും വേനലും. അവ കൊടുങ്കാറ്റുകളുടെ എണ്ണവും വേഗവും വർദ്ധിപ്പിക്കുന്നു. പരിസ്ഥിതിക്ക് ദോഷം വരുത്തും വിധമാണ് ഇന്നത്തെ വ്യവസായവൽക്കരണം. വ്യവസായങ്ങളുടെ അശാസ്ത്രീയമായ പ്രവർത്തനവും, പെട്രോളിയം,കൽക്കരി എന്നിവയുടെ കത്തിക്കലും അന്തരീക്ഷത്തിലെ ഓസോൺ കവചത്തെ ഇന്ന് നാശത്തിൻെറ വക്കിൽ എത്തിച്ചിരിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലേക്ക് വരുന്ന റേഡിയോ വികിരണങ്ങളെ ഭൂമിയിൽ എത്താതെ തടഞ്ഞുനിർത്തി ജീവജാലങ്ങളെ സംരക്ഷിക്കുന്നത് ഓസോൺ കവചമാണ്. ക്ലോറിൻ,ഹൈഡ്രജൻ, ഫ്ലൂറിൻ, കാർബൺ

എന്നിവചേർന്ന് രൂപപ്പെടുന്ന ക്ലോറോ-ഫ്ലൂറോകാർബൺ. അഥവാ ഹരിതഗ്രഹവാത കങ്ങൾ ഓസോൺപാളി നശിക്കുന്നതിന് കാരണമാകുന്നു.


1980 കളുടെ മധ്യത്തിൽ അൻറാർട്ടികയിൽ ഓസോൺ സുഷിരം പ്രത്യക്ഷപ്പെട്ടത് ലോകത്തെ നടുക്കിയ സംഭവമാണ്.സൂര്യനിൽ നിന്നും വരുന്ന അൾട്രാവയലറ്റ് രശ്മിക ൾ ഭൂമിയിൽ പതിക്കാനും മനുഷ്യനും സസ്യങ്ങള ും ഉൾപ്പെടെയുള്ള ജീവജാലങ്ങൾ നശിക്കാനും ഓസോൺ ശോഷണം കാരണമാകുന്നു.

സാദത്തലി എൻ (HST)




ഈ നൂറ്റാണ്ടിലെ രണ്ടാമത്തെ വലിയ സൂര്യഗ്രഹണത്തിന് 2019 ഡിസംബർ 26 വ്യാഴാഴ്ച്ച സാക്ഷിയായി. സൂര്യനെ ഭൂമിയും ഭൂമിയെ ചന്ദ്രനും പരിക്രമണം ചെയ്യുന്നുണ്ടല്ലോ.ഈ കറക്കങ്ങൾക്കിടയിൽ ഇവ മൂന്നും നേർരേഖയിൽ വന്നാലോ? ഭൂമിയിൽ നിന്നും നോക്കുന്ന നമുക്ക് സൂര്യനെ ചന്ദ്രനാൽ മറക്കപ്പെടും. ഇത്തരത്തിൽ ഭൂമിക്കും സൂര്യനുമിടയിൽ ചന്ദ്രൻ വന്ന് സൂര്യനെ മറക്കപ്പെടുമ്പോഴാണ് സൂര്യഗ്രഹണം ഉണ്ടാവുന്നത്. സൂര്യനും ചന്ദ്രനും ഇടയിൽ ഭൂമി വരികയും ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുന്നതുമൂലം ചന്ദ്രഗ്രഹണം സംഭവിക്കുന്നു.ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യനും ചന്ദ്രനും ഒരു സ്ഥാനത്ത് ഒത്തുചേരുന്ന കറുത്തവാവുദിവസമാണ് സൂര്യഗ്രഹണം നടക്കുക. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ചന്ദ്രന്റെ കോണിയ വാസം സൂര്യന്റേതിനെക്കാൾ ചെറുതാണെങ്കിൽ ഗ്രഹണസമയത്ത് സൂര്യബിംബത്തിന്റെ ബാഹിയ ഭാഗം ഒരു വലയം പോലെ ചന്ദ്രന് ചുറ്റും കാണാനാകും.ഇത്തരം സൂര്യഗ്രഹണങ്ങളാണ് വലയസൂര്യഗ്രഹണം

എന്നറിയപ്പെടുന്നത്. ഒരു വലയ സൂര്യ ഗ്രഹണം ആയിരക്കണക്കിന് കിലോമീറ്റർ വീതിയിൽ ഭഗികമായി നിരീക്ഷിക്കാൻ സാധിക്കും.കേരളത്തിൽ ഇത് ഒരു നൂറ്റാണ്ടിനിടെ രണ്ടാമത്തെ വലയസൂര്യഗ്രഹണമാണ്. രാവിലെ 8 മണിയോടെ കേരളത്തിൽ ഗ്രഹണം ആരംഭിച്ചെങ്കിലും 9.30 ഓടെയാണ് പരമാവതി ദർശിക്കാനായത്. 11 മണിയോടെ അവസാനിക്കുകയും ചെയ്തു. ഈ ഗ്രഹണത്തെ പൂർണ്ണമായും കാണാൻ സാധ്യമാവുന്ന മേഖല കടന്നു പോകുന്നത് വടക്കൻ കേരളത്തിലൂടെയാണ്.ലോകത്ത് വലയസൂര്യഗ്രഹണം പൂർണ്ണമായും കാണാൻ സാധ്യമാവുന്ന പാത കടന്നു പോകുന്നത് സൗദി അറേബ്യ ,ഖത്തർ ,യു എ ഇ ഇന്ത്യ, ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, സിങ്കപൂർ എന്നീ രാജ്യങ്ങളിലൂടെയാണ് .ഈ പാതയുടെ ഇരു ഭാഗത്തും ആയിരക്കണക്കിന് കിലോമീറ്റർ വീതിയിൽ ഇതേ സമയത്തു തന്നെ ഭാഗികമായി ഗ്രഹണം നിരീക്ഷിക്കാൻ സാധിക്കും. ഇന്ത്യയിൽ തെക്കൻ കർണാടക, വടക്കൻ കേരളം ,കോയമ്പത്തൂർ ഉൾപ്പെടുന്ന മധ്യതമിഴ്നാട് എന്നിവിടങ്ങളിലാണ് പൂർണ്ണവലയ സൂര്യഗ്രഹണം കാണാൻ കഴിയുക. സൂര്യൻ കിഴക്കുനിന്ന് പടിഞ്ഞാറേക്കു സഞ്ചരിക്കുന്നത് നമുക്കു കാണാമെങ്കിലും ഗ്രഹണത്തിന്റെ പാത പടിഞ്ഞാറു നിന്നും കിഴക്കോട്ടാണ്.കേരളത്തിൽ കാസർകോട്,കണ്ണൂർ,കോഴിക്കോട്,വയനാട്,മലപ്പുറം,പാലക്കാട് എന്നീ ജില്ലകളിൽ വലയസൂര്യഗ്രഹണം പൂർണ്ണമായും കാണാൻസാധിച്ചു. മറ്റുള്ള ജില്ലകളിൽ വലയത്തിനു പകരം ചെറിയ ചന്ദ്രക്കല പോലെയാണ് ഗ്രഹണം ദൃശ്യമായത്.



Poem

# THE BUD OF DREAM

The girl is one who can be
the star of the world
and shine like sun and be the
world.

The world gazes her and
she gazes the world with
a fear of dark and glow
of sun.

She dreams a world in which
she can flow like a bed of
stream.

The dream of the girl is like
wink of an eye.

All though she dreams as big as a sea,
but it might be a mirage

**Diya .C IX-A**

ലേഖനം

## പുഞ്ചകൃഷി , കാർഷിക സംസ്കാരം

വലിയ കുന്നുകൾ ഇന്ന് വയലിലേക്ക് പരക്കുന്നു .കരകവർന്ന ഭൂമിക്ക് മരുഭൂമി എന്നു പേരിടാം. നെല്ലിനെ സംസ്കാരമായി കണ്ട ജനതയും വയലിനെ ജീവനായി കണ്ട കർഷകനും എവിടെയോ മറഞ്ഞുപോയി. ഇവിടെ വന്ന മാറ്റം നാടിന്റെ വിലാസം തിരുത്തുന്നു. നിറഞ്ഞുതുളുമ്പിയ പത്തായപ്പുരകൾ നാടിന് നഷ്ടമായി. കർഷകർ മറ്റു തൊഴിൽ തേടി പോവുന്നു. ചെലവു കൂടി കൃഷിയിടങ്ങൾ വാഴകൃഷിക്കു പാട്ടം നൽകി. കേരളത്തിൽ കൂടുതലായി ഉത്പാദിപ്പിക്കുന്ന ഒരു ധാന്യവിളയാണ് നെല്ല്. സമുദ്രനിരപ്പിൽ നിന്നു താഴെ സ്ഥിതിചെയ്യുന്ന കുട്ടനാട് മുതൽ സമുദ്രനിരപ്പിൽനിന്ന് ആയിരം മുതൽ 1500 മീറ്റർ ഉയരമുള്ള ഇടുക്കി ജില്ലയിലെ വട്ടവടയിൽ വരെ നെല്ല് കൃഷി ചെയ്യുന്നു. പ്രതിവർഷം 125 മുതൽ 150 സെൻറീമീറ്റർ വരെ മഴയും 20 ഡിഗ്രി മുതൽ 27 ഡിഗ്രി വരെ താപനിലയും ആവശ്യമാണ്. ആഴംകൂടിയ പാടങ്ങളിലും കായൽ നിലങ്ങളിലുമാണ് പുഞ്ചകൃഷി ചെയ്യുന്നത്.വെള്ളത്തിന്റെ നിലയനുസരിച്ച് വൃശ്ചികമാസത്തിലോ ധനുമാസത്തിലൊ മകരത്തിലോ പുഞ്ചകൃഷി ആരംഭിക്കുന്നു.കേരളത്തിൽ കുട്ടനാടൻ പ്രദേശങ്ങൾ പുഞ്ചകൃഷിക്ക് പേരുകേട്ടവയാണ്.

ഒന്നാം പഞ്ചവത്സര പദ്ധതി നടപ്പിൽവന്ന കാലത്ത് കേരളത്തിൽ 12 ലക്ഷം ഹെക്ടർ വയലുകളിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ് 1980 ൽ 8 ലക്ഷം ഹെക്ടർ ആയിരുന്ന നെൽവയലുകളുടെ വിസ്തീർണ്ണം 2015-16 ആയപ്പോൾ 1.96 ലക്ഷം ഹെക്ടറായി ചുരുങ്ങി. 2016 -17 ൽ വീണ്ടും കുറഞ്ഞ് 1. 7 1 ലക്ഷം ഹെക്ടറായി.

കൃഷിക്ക് അനുയോജ്യമായ ഭൂമി പലവിധ കാരണങ്ങൾ കൊണ്ടും ജനങ്ങൾ കൃഷിചെയ്യാതെ തരിശാക്കി ഇടുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു . മറ്റു വിളകൾക്കെല്ലാം അന്താരാഷ്ട്ര മാർക്കറ്റിൽ വിലയിൽ മാറ്റമുണ്ടായപ്പോൾ നെല്ലിന് മാത്രം ഇന്നും പ്രിയമില്ല.ഒരു രൂപയ്ക്ക് അരി കിട്ടുമ്പോൾ എന്തിനാ ഇപ്പോൾ കൃഷി എന്നാണ് ചോദ്യം. വ്യാവസായികാടിസ്ഥാനത്തിൽ പുരോഗമിക്കുന്ന വാഴകൃഷി നെൽവയലുകളെ ശവപ്പറമ്പാക്കി മാറ്റു

ന്നു. 2016-17 നെൽകൃഷിയുടെ വിസ്തൃതിയിൽ നെല്ലുൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും കാര്യമായ കുറവു വന്നിട്ടുള്ളതിന്റെ പ്രധാന കാരണം സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചയാണ്. കൂടാതെ റിസോർട്ടുകളും ബഹുനില കെട്ടിടങ്ങളും നിർമ്മിക്കുന്നതിനു വേണ്ടി നെൽ വയലുകൾ മണ്ണിട്ട് നികത്തുന്നു. ചതുപ്പുകളും തോടുകളും നികത്തി റോഡുകൾ നിർമിക്കുന്നു. അന്തകവിത്തുകൾ നാടുവാഴുന്നു. ഉൽപാദനോപാധികളുടെ ഉയർന്ന വില, ഉയർന്ന കൂലി, ചിലവ്, നാണ്യവിളകളിലേക്കുള്ള ചുവടുമാറ്റം എന്നീ കാരണങ്ങളും മറ്റൊരുവശത്ത്.

നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനായി പദ്ധതി അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലകൾ, തരിശു നിലങ്ങൾ,പാഴ്നിലങ്ങൾ എന്നിവിടങ്ങളിലെ കൃഷിക്കു വേണ്ട സഹായം, ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള വിത്തിനങ്ങളുടെയും പ്രോത്സാഹനം, കൃഷി സ്ഥലത്ത് തന്നെയുള്ള സംസ്കരണം, വിപണനം എന്നിവയ്ക്ക് പ്രോത്സാഹനം നൽകൽ എന്നീ ഘടകങ്ങൾ ആരംഭിച്ചിട്ടുണ്ട്.


ഹെന്ന സി X







കവിത



## ഏകാന്തത

ഇന്നെന്തിനെന്നെ നീ തനിച്ചാക്കുന്നു....?
നിനക്കിന്നെന്തു പറ്റി,
ഇതുവരെ കാണാത്ത കോമാളി വേഷം
എന്തിന് നീ നിന്നിൽ ചമയുന്നു?
നിന്റെ രാവിലും പകലിലും മധുരം നുകരുന്ന

എന്നോടെന്തിന് നിനക്കിത്ര പരിഭ്രമം.
ചൊല്ലുക നീ...
നീ ഇല്ലാത്ത രാവുകളും പകലുകളും
എന്നും എനിക്ക് കൂരിരുട്ടുകൾ നിറഞ്ഞതാണ്.

എന്നെ തനിച്ചാക്കി നീ ഇന്നെവിടെ പോയി ?
ഇതുവരെ കാണാത്ത ഈ ചമർപ്പ്
ഇന്നെവിടെന്നു വന്നു, ചൊല്ലുക നീ...
നിനക്കെന്തിനീ പരിഭ്രമം....?

അബിൻഷ ഷെറിൻ. കെ.കെ [9-G]

# ഇന്ത്യൻ ഭരണഘടന



ഇന്ത്യൻ ഭരണഘടന

ആമുഖം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും
രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം,
വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള
സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള സമത്വം എന്നിവ
ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും
വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവെച്ച്,
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

## വാർത്ത

## സംസ്ഥാന ശാസ്ത്ര മേളയിൽ ചോക്ക് നിർമ്മാണത്തിൽ എ ഗ്രേഡ് നേടി ............



### അമീന പർവ്വിൻ 8C



## ലിറ്റിൽ കൈറ്റ്സ് സംസ്ഥാന തല ക്യാമ്പിൽ കെ എം എച്ച് എസും


**എറണാംകുളം** : ലിറ്റിൽ കൈറ്റ്സ് സംസ്ഥാനതല ക്യാമ്പിൽ കെ എം ഹൈയർ സെക്കന്ററി സ്ക്കൂളിൽ നിന്നും രാഹുൽ കെ (10A) പങ്കെടുത്തു. റോബോട്ടിക്സ് & പൈത്തൺ പ്രോഗ്രാം ഇനത്തിൽ 'ആക്സിഡന്റ് അലാം' എന്ന പേരിൽ ഓട്ടോ മൊബൈൽ രംഗത്ത് ഉപയോഗിക്കാവുന്ന ആധുനിക സാങ്കേതികവിദ്യ ക്കുതകുംവിധമുള്ള പ്രോജക്ടാണ് അവതരിപ്പിച്ചത്



രാഹുൽ കെ 10 A

### ആക്സിഡന്റ് അലാം

റാസ്ബറിപൈ എന്ന മിനി കമ്പൂട്ടറിൽ പൈത്തൺപ്രോ ഗ്രാം വഴി ഈമെയിൽ സങ്കേതം ഉപയോഗിച്ചാണ് ഈ പ്രോജ ക്ട് ചെയ്യുന്നത്. ഒരു വാഹനം ആക്സിഡന്റാവു മ്പോൾ പോലീസ് സ്റ്റേഷൻ, ഫയർ ഫോഴ്സ്, ആമ്പുലൻസ് തുടങ്ങി ഏത് റെസ്ക്യൂ സർവ്വീസിലേക്കും പെട്ടന്ന് സന്ദേശങ്ങൾ അയക്കാൻ സാധിക്കുന്നു. ഇത് കുറഞ്ഞ ചിലവിൽ വാഹനത്തി ന്റെ എയർ ബാഗിന്റെ കൂടെ ഘടിപ്പിക്കാവുന്നതാണ്.ആക്സിഡന്റാവുന്ന സമയത്ത് ഉടൻ ത ന്നെ സന്ദേശങ്ങൾ ഓട്ടോമാറ്റിക്കായി അയക്കപ്പെടുന്നു.



**കായിക വാർത്തകൾ**




- മലപ്പുറം ആഡ്യ പാഠ്യ ചാമ്പ്യൻഷിപ്പിൽ കെ എം എച്ച് എസ് കരുളായി സ്ക്കൂൾ ഓവറോൾ ചാമ്പ്യൻമാരായി. ആറ് വിഭാഗങ്ങളിൽ നടന്ന മത്സരത്തി ൽ നിന്നും അഞ്ച് ഫസ്റ്റും ഒരു സെക്കന്റും നേടാനായി.
  നാല് വിദ്യർത്ഥികൾ സംസ്ഥാന ടീമിലിടം നേടി.സീനിയർ വിഭാഗത്തിൽ നിന്നും മൂന്ന് ആൺകുട്ടികളും ഒരു പെൺകുട്ടിയുമാണ് സംസ്ഥാന ടീമിലിടം നേടിയത്.
  സബ്ജൂനിയർ വിഭാഗത്തിൽനിന്നും 5 ആൺകുട്ടികളും 6 പെൺ കുട്ടികളു മടക്കം 11 പേരാണ് സംസ്ഥാന ആഡ്യ പാഠ്യ ടീമിലിടം പിടിച്ചത്.
- 2019-20 വർഷത്തെ ക്രിക്കറ്റ് മത്സരത്തിൽ ജില്ലാതലത്തിൽ 7 പേരാണ് സ്കൂളിൽ നിന്നും പങ്കെടുത്തത്.അണ്ടർ 16 പെൺകുട്ടികൾ വിഭാഗത്തിൽ നിന്നും 4 ഉം ആൺകുട്ടികളു ടെ വിഭാഗത്തിൽ നിന്നും 2 ഉം പേർ പങ്കെടു ത്തു.അണ്ടർ 19

ആൺ വിഭാഗത്തിൽ നിന്നും ഒരാളും പങ്കെടുത്ത്സംസ്ഥാന ടീമിലിടം നേടി.

- ആൺകുട്ടികളുടെ സീനിയർ വിഭാഗം Malappuram Kho-Kho ടീമിൽ ഒരാൾ ഇടം നേടി.പെൺകുട്ടികളുടെ ജൂനിയർ വിഭാഗത്തിൽ നിന്നും 2 പേർ ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുത്തു.
- അണ്ടർ 17 ജില്ലാ ഫുട്ബോൾ ടീമിൽ 2 ആൺകുട്ടികൾ ഇടം പിടിച്ചു.

## കുഞ്ഞാമുട്ടി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി സീസൺ-2 കെ.എം.എച്ച്.എസ്. കരുളായി ജേതാക്കൾ



കരുളായി: കെ.എം.ഹയർ സെക്കന്ററി ഫുട്ബോൾ അക്കാദമി നടത്തി വരുന്ന അണ്ടർ 15 കുഞ്ഞാമുട്ടി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി സീസൺ-2 ഫുട്ബോൾ ടൂർണമെന്റിൽ കരളായി കെ.എം. ഹയർസെക്കന്ററി സ്കൂൾ കിരീടജേതാക്കളായി.ഗോൾനില 1-0 യിൽ എൻ.എസ്.എസ്.ചക്കാലക്കുത്ത് റണ്ണറപ്പ്നേടുകയാണുണ്ടായത്.13 സ്കൂൾ ടീമുകൾ പങ്കെടുത്ത ടൂർണമെന്റ് ആവേശകരമായി സമാപനം കുറിച്ചു.

ബെസ്റ്റ് പ്ലെയറായി റിൻഷാൽ, ബെസ്റ്റ് ഗോൾ കീപ്പറായി വിവേക് (എല്ലാവരും കെ.എം.എച്ച്.എസ്.എസ് കരുളായി) ബെസ്റ്റ് ഡിഫന്ററായി അഖിൽ(എൻ.എസ്.എസ്.ചക്കാലക്കുത്ത്)നെയും തിരഞ്ഞെടുത്തു. സ്കൂൾ ഹെഡ്മിസ്ട്രസ് പി.എൻ.പുഷ്പ,മാനേജ്മെന്റ് സെക്രട്ടറി ടി. കെ. സക്കീർ എന്നിവർ വിജയികൾക്ക് ഉപഹാര സമർപ്പണവും നടത്തി.

## കാട്ടുതീ ബോധവൽക്കരണ സന്ദേശ റാലി നടത്തി

**കരുളായി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസും**

**കെ എം എച്ച് എസിലെ JRC യൂണിറ്റും**

**സംയുക്തമായി നടത്തിയ**

**കാട്ടുതീ ബോധവൽക്കരണ സന്ദേശ റാലിയിൽ നിന്ന്.**

